"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു.കോഴിക്കോട് സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 116/98 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ -ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്ന് അടവാക്കിയ തുക റീകൂപ്പ് ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.470/2026/PWD തിരുവനന്തപുരം, തീയതി,18-03-2026

---

പരാമർശം:-

1. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
2. സഉ(സാധാ)നം.120/2020/പൊമവ തീയതി 30.01.2020
3. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26.03.2025, 04.03.2026 തീയതികളിലെ CEPWD/5562/2025-C3(F)-NH നം. കത്ത്.

**<u>ഉത്തരവ്</u>**

ബഹു.കോഴിക്കോട് സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം.116/98 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം 1,90,000/- രൂപ അനുവദിച്ചിരുന്നു. ഈ കേസിൽ 51,470/- രൂപ പലിശ ഇനത്തിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്ന് അടവാക്കിയിട്ടുള്ളതിനാൽ പ്രസ്തുത തുക റീകൂപ്പ് ചെയ്യുന്നതിന് തുക അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. ഈ സാഹചര്യത്തിൽ ബഹു.കോഴിക്കോട് സബ്കോടതിയുടെ എൽ.എ.ആർ 116/98 ലെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്ന് അടവാക്കിയിട്ടുള്ള തുക റീകൂപ്പ് ചെയ്യുന്നതിനായി 51,470/- രൂപ (അൻപത്തൊന്നായിരത്തി നാനൂറ്റി എഴുപത് രൂപ മാത്രം) യുടെ ഭരണാനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കോഴിക്കോട്

ജില്ലാകളക്ടർ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 18-03-2026 15:37:35 സെക്ഷൻ ഓഫീസർ